## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5098** **22-05-2017 ൽ മറുപടിക്ക്**

## ഓച്ചിറയിലെ പഴയ ദേശീയ പാതയിലെ അനധികൃത കയ്യേറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഓച്ചിറ ഭാഗത്ത് പഴയ ദേശീയ പാത കടന്നു പോകുന്ന ഭാഗങ്ങളിൽ അനധികൃത കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴയ എൻ.എച്ച്.റോഡിൽ ചെയിനേജ് 0/000 മുതൽ 1/200 കി.മീ. വരെ റോഡ് അളന്നു തിട്ടപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ ഭാഗത്തെ പഴയ ദേശീയ പാത കടന്നു പോകുന്ന ഭാഗങ്ങൾ അളന്ന് തിട്ടപ്പെടുത്തി അതിര ടയാളങ്ങൾ സ്ഥാപിക്കുന്നതിന് പി.ഡബ്ളിയു.ഡി യുടെ കത്ത് ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. അളവു നടപടിയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ പൂർത്തിയാക്കി വിവരം അറിയിക്കുന്നതിന് പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിന് കൊല്ലം ജില്ലാ കളക്ടർ അറിയിപ്പ് നൽകിയിട്ടുള്ളതും, മറുപടി ലഭിച്ചിട്ടില്ലാത്തതുമാണ്. |
| (സി) പ്രസ്തുത പ്രദേശം അളന്ന് തിട്ടപ്പെടുത്തി അതിരടയാളങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (സി) പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽ നിന്നും അളവ് നടപടിയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ പൂർത്തിയാക്കിയതായുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അളവ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും |

**സെക്ഷൻ ഓഫീസർ**